# ഒരു ക്യാമ്പ് ഉണർത്തിയ ഹജ്ജ് സ്മൃതികൾ

ഓർമ ● **വി.കെ ജലീൽ**

**ജമാഅത്തെ** ഇസ്‌ലാമി മലപ്പുറം ജില്ലാസമിതിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം സംഘടിപ്പിച്ച ഹജ്ജ് ക്യാമ്പ്. ഹാജിമാരും അവരെ അനുഗമിച്ചെത്തിയവരുമായി ആയിരത്തിൽപരം പേരുടെ പ്രൗഢസംഗമം. അച്ചടക്കപൂർണവും ഭക്തിസാന്ദ്രവുമായ സദസ്സ്. കേരള അമീർ ടി. ആരിഫലി സാഹിബിന്റെ ഉദ്ഘാടന പ്രസംഗം. ഹജ്ജിന്റെ മർമങ്ങളിൽ തൊട്ട ആലോചനാമൃതമായ വിവരണം കേട്ടപ്പോൾ മനസ്സ് ഹജ്ജുമായി ബന്ധപ്പെട്ട പഴയ കുറേ ഓർമകളിൽ വ്യാപരിച്ചു.

ഞങ്ങളുടെ വന്ദ്യപിതാവ് വി.കെ.എം ഇസ്സുദ്ദീൻ മൗലവി ഹജ്ജിനു പുറപ്പെടുന്നത് 1972-ലാണ്. പാസ്പോർട്ടിൽ കാണുന്ന ജനനതീയതി അനുസരിച്ച് 72-ാം വയസ്സിൽ. ദീനീ പ്രവർത്തനങ്ങളുമായി യൗവനാരംഭത്തിലേ നിരന്തര സഞ്ചാരിയായി മാറിയിരുന്ന പിതാവിന്റെ ഹജ്ജ്‌യാത്ര എന്തുകൊണ്ട് ജീവിതത്തിന്റെ സായാഹ്നത്തിലായി എന്ന് അതിശയിച്ചവരുടെ കൂട്ടത്തിൽ പുത്രനായ ഞാനും ഉൾപ്പെട്ടിരുന്നു. കാരണം കേരളത്തിൽ സ്ഥാപിക്കുമെന്ന് സ്വയം ബാധ്യതയായി ഏറ്റെടുത്ത ഉന്നത ഇസ്‌ലാമിക കലാലയത്തിന്റെ പാഠ്യപദ്ധതി ചർച്ചക്കും ധനശേഖരണത്തിനും അവിഭക്ത ഭാരതത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം അദ്ദേഹം എത്തിയിരുന്നു. വിഭജനത്തിനു മുമ്പേ സയ്യിദ് മൗദൂദിയെ കണ്ടു. അന്ന് സമ്പന്ന മലയാളീ സാന്നിധ്യമുണ്ടായിരുന്ന ബർമയിലും (മ്യാൻമർ) സിലോണിലും (ശ്രീലങ്ക) പോയിട്ടുണ്ട്. 1949-ൽ സിലോണിലെ പ്രസ്ഥാന പ്രവർത്തനം ഊർജിതപ്പെടുത്താനുള്ള ചുമതലകൂടി ഏറ്റെടുത്തുകൊണ്ടാണ് അദ്ദേഹം അങ്ങോട്ട് പോയത്. ഏറ്റവും ഒടുവിൽ മലേഷ്യൻ പര്യടനത്തിനുവേണ്ടി എടുത്ത പാസ്പോർട്ടിന്റെ കാലാവധി അദ്ദേഹത്തിന്റെ മരണത്തിനുശേഷവും തീർന്നിട്ടുണ്ടായിരുന്നില്ല. ചുരുക്കത്തിൽ 1960 കളുടെ അവസാനം വരെ മൗലവിയോളം സഞ്ചാര പരിചയവും ഒപ്പം സമുദായ നേതൃത്വങ്ങളുമായി ഉറ്റബന്ധവും ഉണ്ടായിരുന്ന ഒരാളുടെ ഹജ്ജ് യാത്ര വൈകിയതെങ്ങനെ? തിരിഞ്ഞുനോക്കുമ്പോൾ കാരണം വ്യക്തമാകുന്നുണ്ട്. ഒരു വലിയ കുടുംബത്തിന്റെ ജീവിതച്ചെലവുകൾ കഴിച്ചാൽ മിച്ചമുണ്ടാകുന്നത്, ഇടപാടുകാർക്കും അടുത്ത സുഹൃത്തുക്കൾക്കുമുള്ള അൽപസ്വൽപം കടങ്ങളായിരുന്നു. രണ്ടാമതായി, അന്ന് ഹജ്ജ് ചെയ്ത് തിരിച്ചുവരാൻ ആവശ്യമായ അത്രയും കാലം കർമഭൂമിയിൽനിന്ന് അകലാൻ അദ്ദേഹത്തിനാവുമായിരുന്നില്ല.

നവംബറും ഹജ്ജുമാസവും ഉപ്പയെക്കുറിച്ചുള്ള സ്മരണകൾ പ്രത്യേകം ഉണരുന്ന ദിനങ്ങളാണ്. കാരണം 1979 നവംബർ അഞ്ചാം തീയതിയായിരുന്നു അദ്ദേഹം സ്വഗൃഹത്തിൽ നിര്യാതനായത്. അന്ന് ഹിജ്റ 1392 ദുൽഹജ്ജ് 14 ആയിരുന്നു.

ഉപ്പ ഹജ്ജിനു പോകുന്ന കാര്യം അടുത്ത ബന്ധുമിത്രാദികളും പ്രസ്ഥാന നേതൃത്വവും മാത്രമേ അറിഞ്ഞിരുന്നുള്ളൂ. അതിനാൽ തന്നെ ബോംബെ വരെ ഹാജിമാരായി ആരും കൂടെ ഉണ്ടായിരുന്നില്ല. യാത്ര പുറപ്പെടുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് മാത്രമാണ് വീട്ടിൽ എത്തിയത്. അതിനിടയിൽ ഒരുനാൾ സി.എൻ അഹ്മദ് മൗലവി വീട്ടിൽ വന്നതോർക്കുന്നു. അദ്ദേഹം നേരത്തേ ഹജ്ജ് നിർവഹിച്ചിരുന്നു. സ്വാനുഭവംവെച്ച് യാത്രയിൽ കരുതേണ്ട സാധനങ്ങളെക്കുറിച്ച് സി.എൻ ഉപ്പയെ ഉപദേശിച്ചതിങ്ങനെ: "രണ്ട് സാധനങ്ങൾ കൂടെ കരുതുന്നത് നന്നാവുമെന്നാണ് എനിക്ക് തോന്നുന്നത്. ഒന്ന് പാകപ്പെടുത്തിയ അൽപം വിറക് കൊള്ളികൾ. മിനായിൽ കഞ്ഞിവെക്കാൻ അതുപയോഗപ്പെടും. രണ്ട്, മാറ്റി ഉടുക്കാൻ കുറച്ച് തുണികൾ. അലക്കാൻ പ്രയാസമാണവിടെ." ഞങ്ങൾ ഉപ്പയുടെ പെട്ടിയിൽ കുറച്ച് തുണികൾ കരുതി. വീട്ടിൽ തിരിച്ചെത്തിയപ്പോഴും മടക്കു നിവർത്താത്ത പുത്തൻ തുണികൾ പെട്ടിയിലുണ്ടായിരുന്നു.

1972 നവംബർ 16-ാം തീയതി അദ്ദേഹം ഹജ്ജിനായി വീട്ടിൽനിന്നിറങ്ങി. തുടർന്നുള്ള യാത്രാവിവരണങ്ങൾ അദ്ദേഹത്തിന്റെ ദിനസരി കുറിപ്പുകൾ നൽകുന്നതിങ്ങനെ:

1972 നവംബർ 17 (1392 ശവ്വാൽ 10)

വെള്ളി

മംഗലാപുരത്തുനിന്ന് കുത്തിവെപ്പ് നടത്തി. രാത്രി 8.15ന്

കച്ചിപള്ളിയിൽ പ്രസംഗിച്ചു. ബാംസൺ മുഹമ്മദാജിയുടെ കൂടെ താമസിച്ചു.

നവംബർ 18 (ശവ്വാൽ 11) ശനി

രാവിലെ 7.30ന് ബോംബെക്ക് പുറപ്പെട്ടു (ബസ് മാർഗമായിരുന്നു യാത്ര)

നവംബർ 19 (ശവ്വാൽ 12) ഞായർ

രാവിലെ 7.30ന് ബോംബെ മുസാഫിർ ഖാനയിൽ എത്തി. നാലാം നിലയിൽ താമസം. ഇവിടെ മരുമകൻ ഇബ്റാഹീമും (മർഹൂം പി.കെ ഇബ്റാഹീം മൗലവി) നാണി ഹാജിയും പോക്കു മാസ്റ്ററും മറ്റു പല സ്നേഹിതന്മാരും ഉണ്ട്.

ജമാഅത്തെ ഇസ്‌ലാമി ബോംബെ മലയാളി ഹൽഖയിൽ ഒരു തർബിയത്ത് ക്ലാസ് നടത്തി.

നവംബർ 27 (ശവ്വാൽ 20) തിങ്കൾ

(ബോംബെയിൽ എത്തി എട്ടു ദിവസത്തിനു ശേഷം) ഇന്ന് ഒമ്പത് മണിക്ക് കസ്റ്റംസിൽവന്നു. ഇബ്റാഹീം കൂടെ വന്നു. പതിനൊന്ന് മണിക്ക് കപ്പൽ കയറി. രാത്രി ഏഴു മണിക്ക് കപ്പൽ പുറപ്പെട്ടു.

നവംബർ 28 (ശവ്വാൽ 21) ചൊവ്വ

ഡക്ക് സ്പെഷ്യലിൽ ഭക്ഷണവും താമസവും തൃപ്തികരമാണ്.

ഡിസംബർ 4 (ശവ്വാൽ 27) തിങ്കൾ

ഏഴു മണിക്ക് ജിദ്ദയിൽ കപ്പൽ എത്തി. പത്തു മണിക്ക് ഇറങ്ങി. കസ്റ്റംസ് പരിശോധന മൂന്നുമണിക്കൂർ. പരിശോധന പേരിനു മാത്രം. സംശയം തോന്നിയത് മാത്രമേ നോക്കിയിരുന്നുള്ളൂ. മുസാഫിർ ഖാനയിൽ (ബൈത്തുൽ ഹുജ്ജാജ്) ആറു മണിക്ക് എത്തി. രാത്രി എട്ട് മണിക്ക് മക്കയിലേക്ക് പുറപ്പെട്ടു. പത്തു മണിക്ക് മുത്വവ്വിഫിന്റെ സ്ഥലത്ത് എത്തി. ത്വവാഫും സഅ്‌യും കഴിഞ്ഞ് വന്ന് ഭക്ഷണം കഴിച്ചു ഉറങ്ങി.

ഡിസംബർ 5 (ശവ്വാൽ 28) ചൊവ്വ

താമസ സ്ഥലം നിശ്ചയിച്ചു.

ഡിസംബർ 6 (ശവ്വാൽ 29) ബുധൻ

താമസ സ്ഥലത്തേക്ക് മാറ്റി. നാളെ മദീനയിലേക്ക് പോകാൻ ഏർപ്പാട് ചെയ്തു.

ഡിസംബർ 7 (ശവ്വാൽ 30) വ്യാഴം

മദീന

തുടർന്ന് ഡിസംബർ 16-ാം തീയതി ദുൽഖഅദ് 9-ാം തീയതി വൈകുന്നേരം മദീനയിൽനിന്ന് മക്കയിലേക്ക് പുറപ്പെട്ടതായും പിറ്റേന്ന് മക്കയിൽ എത്തിയതായും കുറിപ്പുകൾ സൂചിപ്പിക്കുന്നതോടെ കുറിപ്പുകൾ അവസാനിക്കുന്നു.

ജിദ്ദയിലേക്ക് പുറപ്പെടുമ്പോൾ 2000 ഇന്ത്യൻ രൂപക്ക് 1024 സുഊദി റിയാൽ ലഭിച്ചതായും 1973 ഫെബ്രുവരി 19ാം തീയതി ബോംബെയിൽ തിരിച്ചെത്തിയതായും യാത്രാ രേഖകളിൽ കാണാം.

കൃത്യമായും വിശദമായും ഡയറി എഴുതുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നിരുന്നാലും കൊച്ചു പോക്കറ്റ് നോട്ടുകളിലായി പല വിവരങ്ങളും കുറിച്ചിട്ടിരുന്നു. തനിക്ക് ലഭിച്ചിരുന്ന ഒരു കത്തും അദ്ദേഹം നശിപ്പിച്ചിരുന്നില്ല. മരണശേഷവും അവ സൂക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ 1983-ൽ ഈയുള്ളവൻ ജിദ്ദയിലേക്ക് പോയ ശേഷം അവയെല്ലാം രണ്ടു തവണ സ്ഥലം മാറ്റപ്പെടുകയുണ്ടായി. തദവസരത്തിൽ അവ കൈകാര്യം ചെയ്തവർക്ക് അവയൊക്കെ പഴങ്കത്തുകളും പാഴ് കുറിപ്പുകളുമായി തോന്നിയതിനാൽ ഉപേക്ഷിക്കപ്പെട്ടു. കൂട്ടത്തിൽ ഈയുള്ളവൻ പണിപ്പെട്ട് ശേഖരിച്ചുവെച്ച ചരിത്ര മൂല്യമുള്ള പല രേഖകളുമുണ്ടായിരുന്നു.

ഉപ്പയുടെ വിയോഗവേളയിൽ *പ്രബോധനം* പത്രാധിപസമിതി അംഗമായി ജോലി ചെയ്യുകയായിരുന്നു ഞാൻ. മർഹൂം ടി. മുഹമ്മദ് സാഹിബ്, കെ. മൊയ്തു മൗലവി എന്നിവർ അന്ന് ഉപ്പയുടെ ചരമത്തിൽ അനുശോചിച്ച് അറബിയിൽ ഓരോ കവിത എഴുതി തന്നിരുന്നു. മനോഹരമായ കൈപ്പടയിലുള്ള ആ കവിതകളും നഷ്ടപ്പെട്ടു.

ഹജ്ജിനു പുറപ്പെടുമ്പോൾ വീട്ടു കാര്യങ്ങളെല്ലാം മക്കളെ ഏൽപിച്ചിരുന്നു. തിരിച്ചുവന്ന ശേഷം അതേറ്റെടുത്തില്ല. എന്നാൽ പ്രാസ്ഥാനിക, വിദ്യാഭ്യാസ മേഖലകളിൽ ചില പുതു ചിന്തകളെ അദ്ദേഹം താലോലിച്ചു. കേരളത്തിലെ പ്രമുഖ മതസ്ഥാപനങ്ങളിൽനിന്ന് പഠനം പൂർത്തിയാക്കിയ പരമാവധി ഇരുപത് സമർഥരായ വിദ്യാർഥികളെ പണ്ഡിതരാക്കി വാർത്തെടുക്കുക എന്നതായിരുന്നു അതിലൊന്ന്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് പൂർണമായ പഠനസഹായം മാത്രമല്ല, ആവശ്യമെങ്കിൽ അവരുടെ കുടുംബത്തിന്റെ സംരക്ഷണ ബാധ്യത കൂടി ഏറ്റെടുക്കണമെന്നായിരുന്നു കാഴ്ചപ്പാട്. ഒരു ബാച്ചിന്റെ പഠനം പൂർത്തിയായ ശേഷമേ അടുത്ത ബാച്ചിനെ ചേർക്കേണ്ടതുള്ളൂ. മർഹൂം എ.കെ അബ്ദുലത്വീഫ് മൗലവിയുമായി ഈ വിഷയം അദ്ദേഹം ചർച്ച ചെയ്യുകയും രണ്ടു പേരും തിരൂരിൽ ഒരു സിറ്റിംഗ് നടത്തുകയും ചെയ്തതായി ഓർക്കുന്നു. മറ്റാരെങ്കിലും അതിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നോ എന്നറിയില്ല.

ഹജ്ജ് നിർവഹിച്ചുവന്ന ശേഷം ഹജ്ജ് വേളകളിലെല്ലാം ഇപ്പോൾ മക്കയിൽ ആയിരുന്നെങ്കിൽ എന്ന് ആഗ്രഹം പറയുമായിരുന്നു. ഇഹലോകവാസം വെടിഞ്ഞ ഹജ്ജ് മാസത്തിലും ഈ ആഗ്രഹം പ്രകടിപ്പിക്കവെ ഞാൻ പറഞ്ഞു: "അങ്ങേക്ക് പോകാൻ കഴിഞ്ഞില്ലെങ്കിലും ഇത്തവണ ഹജ്ജിന് അങ്ങയുടെ മക്കളിൽ അഞ്ചു പേർ പങ്കെടുക്കുന്നുണ്ട്. അതുതന്നെ മഹാ ഭാഗ്യമല്ലേ?" എന്റെ അഭിപ്രായ പ്രകടനം പൂർണ സംതൃപ്തി വിരിയുന്ന ഒരു പുഞ്ചിരിയോടെ അദ്ദേഹം സ്വീകരിച്ചു. ദുർഹജ്ജ് 14ാം തീയതി ആ ജീവിതത്തിന് തിരശ്ശീല വീഴുകയും ചെയ്തു. *ഇന്നാ ലില്ലാഹി....*

* * * * *

ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ അവസാന ക്ലാസ്സുകളിൽ പഠിക്കുന്ന കാലം. ഞങ്ങൾ വിദ്യാർഥികൾക്കൊരു കൗതുകം വീണുകിട്ടി. സ്ഥലത്തെ *പ്രബോധനം* ഏജന്റും ഞങ്ങളുടെ മെസ്സിന്റെ മുഖ്യ ചുമതലക്കാരനും വന്ദ്യവയോധികനുമായ സി. ഹൈദ്രു സാഹിബ് ഹജ്ജിനു പോകുന്നു! ഒരു യാത്രയയപ്പ് വേണം. താരതമ്യങ്ങളില്ലാത്ത ശരീരഘടനയും സ്വഭാവ സവിശേഷതകളുമുള്ള ആളായിരുന്നു ഞങ്ങളുടെ 'ഹൈദ്രുകാക്ക'. ജീവിത സായാഹ്നത്തിലും തടിച്ച ശരീരം കുലുക്കി കർമനിരതനായി നടന്ന സാധാരണക്കാരൻ. *പ്രബോധനം* വാരികയുടെ വിതരണം ഇസ്‌ലാമിക പ്രബോധന മാർഗത്തിലെ മഹത്തരമായ സേവനമായി അദ്ദേഹം ഉൾക്കൊണ്ടു. വരിക്കാർക്ക് മുടങ്ങാതെ പത്രം നൽകി. കുടിശ്ശിക പിരിക്കാൻ സൽക്കാരമൊരുക്കി കുറ്റിപ്പിരിവ് നടത്തി.

*പ്രബോധനം* വന്നാൽ കോളേജ് വരാന്തയിലൂടെ നടന്ന് നാട്ടുകാരായ വിദ്യാർഥികളെ ക്ലാസ് റൂമുകളുടെ ജനാലകളിലൂടെ വിളിച്ച് വീട്ടിലേക്കുള്ള പത്രം നൽകും. അകത്തു നടക്കുന്ന ക്ലാസുകളൊന്നും ഹൈദ്രുകാക്കാക്ക് പ്രശ്നമല്ല. ഒരിക്കൽ ഞങ്ങളുടെ ക്ലാസ്സിലൊരു കുട്ടിക്ക് ഇതുപോലെ പത്രം നൽകുകയായിരുന്നു. പണിപ്പെട്ട് *അൽഫിയ* പഠിപ്പിച്ചുകൊണ്ടിരുന്ന അധ്യാപകൻ സ്വൽപം നീരസത്തോടെ ഹൈദ്രുകാക്കയോട് ചോദിച്ചു: 'ക്ലാസ് നടക്കുമ്പോഴാണോ പത്രവിതരണം?'

'നിങ്ങളെക്കാൾ വലിയ മൗലവിമാർ പഠിപ്പിച്ചുകൊണ്ടിരുന്ന ക്ലാസ്സുകളിലെ വിതരണം കഴിഞ്ഞാണ് ഞാൻ വരുന്നത്'- അദ്ദേഹത്തിന്റെ മറുപടി. ഹൈദ്രുകാക്കയുടെ വീക്ഷണത്തിൽ, ശാന്തപുരത്തെ അധ്യാപനവും *പ്രബോധനം* വാരിക

യുടെ വിതരണവും ഇഖാമത്തുദ്ദീനിന്റെ മാർഗത്തിൽ നടക്കുന്ന ഏറ്റുമുട്ടേണ്ടതില്ലാത്ത പ്രവർത്തനങ്ങളായിരുന്നു.

കോളേജിലെ മെസ്സിന്റെ കാര്യവും അങ്ങനെതന്നെ. ദരിദ്രമായ സ്ഥാപന ബജറ്റിന് എളുപ്പം ദഹിക്കുന്ന പച്ചക്കറികളിലും വിലക്കുറവുള്ള മണം പരത്തുന്ന അരികളിലും ഞങ്ങളുടെ ഭക്ഷണം ഒതുങ്ങി. പരുക്കൻ ഗോതമ്പുപൊടി കൊണ്ട് ഉണ്ടാക്കുന്ന ചപ്പാത്തി കൂടെ ഇറച്ചിക്കറി ഉണ്ടാവുമെന്നതിനാൽ ഏറെ സ്വാദിഷ്ടമായി. എല്ലാറ്റിന്റെയും സൂത്രധാരൻ ഹൈദ്രുകാക്ക തന്നെ.

കോളേജ് ഹാളിൽ യാത്രയയപ്പ് യോഗം തുടങ്ങി. അധ്യാപകരുടെ ഭാഗത്തുനിന്ന് കെ.ടി അബ്ദുപ്പു മൗലവിയും വിദ്യാർഥി പ്രതിനിധിയായി ഈയുള്ളവനും പ്രസംഗകരായിരുന്നു. കോളേജിൽ അന്ന് മൊത്തം പതിമൂന്നോ പതിനാലോ അധ്യാപകരാണ് ഉണ്ടായിരുന്നത് എന്ന് തോന്നുന്നു. ഏതായാലും അവരിൽ അബ്ദുപ്പു മൗലവി മാത്രമേ ഹജ്ജ് നിർവഹിച്ചിട്ടുണ്ടായിരുന്നുള്ളൂ. പത്തുമുപ്പത്തഞ്ചു വർഷം മുമ്പത്തെ കേരളീയ അവസ്ഥ തന്നെ ആയിരുന്നു ഇത്. ഹജ്ജ് നിർവഹിച്ചവർ വളരെ വിരളം. സാമ്പത്തിക പിന്നാക്കാവസ്ഥയും യാത്രാ സൗകര്യങ്ങളുടെ കുറവുമായിരുന്നു മുഖ്യ കാരണങ്ങൾ. ഗൾഫ് പണത്തിന്റെ വരവ് അവസ്ഥയാകെ മാറ്റി. ഹാജിമാരുടെ എണ്ണം വർധിച്ചു. പാർട്ടികൾക്കും അധികൃതർക്കും ഹജ്ജ് മുഖ്യ വിഷയങ്ങളിലൊന്നായി. ഹജ്ജിന്റെ വ്യാപാര സാധ്യത വർധിച്ചു. സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ നിലവിൽ വന്നു. ഹാജിമാർക്കും സമൂഹത്തിനും ഹജ്ജ് പരിചയപ്പെടുത്തുന്ന ക്ലാസ്സുകളും പുസ്തകങ്ങളും സി.ഡികളുമൊക്കെ സാർവത്രികമായി. മുമ്പൊക്കെ മാസങ്ങൾ നീണ്ടുനിൽക്കുന്ന ദുരിത പൂർണമായ ഏർപ്പാടായിരുന്നു ഹജ്ജ്. ഇന്ത്യയിൽനിന്നുള്ള ഹാജിമാർ പൊതുവെ കപ്പലിനെ മാത്രമാണ് ആശ്രയിച്ചിരുന്നത്. അതും ഹജ്ജ് കാലത്ത്. താൽക്കാലികമായി യാത്രായാനങ്ങളാക്കി മാറ്റുന്ന ചരക്കുകപ്പലുകൾ 'മുഗൾ ലൈൻ' ലിമിറ്റഡിന്റെ കീഴിൽ ഓപ്പറേറ്റ് ചെയ്തിരുന്നു. 'മുഹമ്മദിയും' 'എം.വി അക്ബറും' ഒക്കെ ആയിരുന്നു സുപരിചിതമായ കപ്പലുകൾ. ബോംബെ വഴിയുള്ള തീർഥാടകരെ ഏതാണ്ട് മുഴുവൻ ഇവ കൈകാര്യം ചെയ്തു. ശരവേഗത്തിലാണ് കാലത്തിന്റെ കുതിപ്പ്! അതുപോലെ തന്നെയാണ് മാറ്റങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നത്.

**അബ്ദുപ്പു മൗലവിയെ ഹൃദ്രോഗം വളരെ നേരത്തെ തന്നെ പിടികൂടിയിരുന്നു. ഭിഷഗ്വരന്മാർ വിലക്കിയിട്ടും അദ്ദേഹം കർമരംഗത്തെ സജീവത കൈവെടിഞ്ഞില്ല. അന്നു ശാന്തപുരത്തെ ശിഷ്യന്മാരിൽ ചിലർ അദ്ദേഹത്തോട് സ്നേഹത്തോടെ ചോദിച്ചു: 'താങ്കളെന്താണ് മുൻകരുതലുകൾക്ക് വഴങ്ങാത്തത്?' അദ്ദേഹം പറഞ്ഞു: 'ഇത് ശൈക്ഷണിക ജിഹാദിന്റെ കാലമാണ്. പ്രഭാഷണവും അധ്യാപനവുമൊക്കെയാണ് അതിലെ പ്രധാന ഘടകങ്ങൾ. അവയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നതെങ്ങനെ?'**

അതിരിക്കട്ടെ, അബ്ദുപ്പു മൗലവി സ്വാനുഭവ വിവരണത്തിലൂടെ ഹജ്ജിനെ സമഗ്രമായി പരിചയപ്പെടുത്തി. പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഹാജിമാരിൽ ചിലർ മക്കയിലും മദീനയിലും വെച്ച് മരണപ്പെടാറുണ്ട്. ഒരു കണക്കിൽ അവർ മഹാഭാഗ്യവാന്മാരത്രെ. കാരണം അഷ്ടദിക്കുകളിൽനിന്നും ദൈവപ്രീതി മാത്രം മോഹിച്ചെത്തിയ ലക്ഷക്കണക്കായ ഹാജിമാർ വിശുദ്ധ ഹറമുകളിൽ വെച്ച് അവർക്ക് വേണ്ടി നമസ്കരിക്കുകയും പ്രാർഥിക്കുകയും ചെയ്യും. ഇതിൽപരം ഭാഗ്യം എന്താണുള്ളത്."

യോഗത്തിലെ അവസാന ഇനം സ്വാഭാവികമായും ഹൈദ്രു സാഹിബിന്റെ മറുപടി പ്രസംഗമായിരുന്നു. ഹൈദ്രുകാക്കാക്ക് പ്രസംഗിച്ചൊന്നും ശീലമില്ല. സദസ്സിന്റെ നിർബന്ധത്തിന് വഴങ്ങി അദ്ദേഹം എഴുന്നേറ്റു. ദുഃഖ പരവശമായിരുന്നു മുഖം. കണ്ണുകൾ സജലങ്ങളും. തിളങ്ങുന്ന കഷണ്ടിയിൽ പരുക്കൻ കൈവിരലുകൾ ഓടിച്ച് മുറിഞ്ഞ വാക്കുകളിൽ അദ്ദേഹം മൊഴിഞ്ഞു: 'അബ്ദുല്ല മൗലവി പറഞ്ഞപോലെ ഹജ്ജ് എല്ലാം കഴിഞ്ഞ് അവിടെ വെച്ചു തന്നെ മരിക്കാൻ എനിക്ക് വേണ്ടി നിങ്ങളെല്ലാം ദുആ ചെയ്യണം. എല്ലാം പൊറുക്കണം.' ഞങ്ങളെല്ലാം ഹൈദ്രു സാഹിബിന്റെ ദീർഘായുസ്സിനു വേണ്ടി പ്രാർഥിച്ചതുകൊണ്ടുതന്നെയാവണം അദ്ദേഹം ഹജ്ജ് നിർവഹിച്ച് സസുഖം തിരിച്ചുവന്നു. പിന്നീട് പരലോകം പൂകി. അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഇടം നൽകുമാറാകട്ടെ-ആമീൻ.

ശാന്തപുരത്തുകാരുടെയും അക്കാലത്തെ ഇസ്‌ലാമിയ കോളേജ് വിദ്യാർഥികളുടെയും സ്മൃതി മണ്ഡലത്തിൽ മായാതെ നിൽക്കുന്ന വ്യക്തിത്വമാണ് മർഹൂം കെ.ടി അബ്ദുപ്പു മൗലവി. സഹോദരനായ കെ.ടി അബ്ദുർറഹീം സാഹിബിലൂടെ പ്രസ്ഥാന വഴിയിലെത്തിയ മൗലവി പണ്ഡിതനും ഉജ്ജ്വല വാഗ്മിയുമായിരുന്നു. അദ്ദേഹത്തിന്റെ നിസ്തുലമായ വാഗ്മിത തന്നെയാണ് ആ നിമിഷം വരെ എല്ലാവരെയും പോലെ ഹജ്ജ് കഴിഞ്ഞ് കുടുംബത്തിലേക്ക് തിരിച്ചുവരണമെന്ന് ശക്തിയായി അഭിലഷിച്ചിരുന്ന ഹൈദ്രുകാക്കയുടെ മനസ്സിനെയും തകിടംമറിച്ചത്. വാചാലത മാത്രമായിരുന്നില്ല ആ പ്രഭാഷണങ്ങളുടെ ആകർഷണീയത. നിഷ്കളങ്കമായ വിനീത ഭാവം, മന്ദസ്മിതം, നോട്ടം, വൃത്തിയുള്ള വസ്ത്രധാരണം എല്ലാം ശക്തമായി സ്വാധീനിക്കുന്ന ഈമാനിക ഘടകങ്ങളായിരുന്നു. പ്രഭാഷണ ശൈലിയിൽ തന്നെയായിരുന്നു ക്ലാസ്സുകളും. സ്ഥിരം ക്ലാസ്സുകളും പ്രഭാഷണങ്ങളും പുറമെ ശാന്തപുരം മഹല്ലിന്റെ ഖാദി സ്ഥാനവും. ഇവയുടെയൊക്കെ ഭാരം പേറിയിരുന്ന അബ്ദുപ്പു മൗലവിയെ ഹൃദ്രോഗം വളരെ നേരത്തെ തന്നെ പിടികൂടിയിരുന്നു. ഭിഷഗ്വരന്മാർ വിലക്കിയിട്ടും അദ്ദേഹം കർമരംഗത്തെ സജീവത കൈവെടിഞ്ഞില്ല. അന്നു ശാന്തപുരത്തെ ശിഷ്യന്മാരിൽ ചിലർ അദ്ദേഹത്തോട് സ്നേഹത്തോടെ ചോദിച്ചു: 'താങ്കളെന്താണ് മുൻകരുതലുകൾക്ക് വഴങ്ങാത്തത്?' അദ്ദേഹം പറഞ്ഞു: 'ഇത് ശൈക്ഷണിക ജിഹാദിന്റെ കാലമാണ്. പ്രഭാഷണവും അധ്യാപനവുമൊക്കെയാണ് അതിലെ പ്രധാന ഘടകങ്ങൾ. അവയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നതെങ്ങനെ?'

അങ്ങനെ കോഴിക്കോട്ടെ വേങ്ങേരിയിൽ പ്രസംഗിക്കവെ അദ്ദേഹത്തിന്റെ രോഗം മൂർഛിച്ചു. ആ ധീര മുജാഹിദ് തന്റെ അഭിലാഷം പോലെ അടർക്കളത്തിൽ ചേതനയറ്റു വീണു. 1972 ഒക്ടോബർ 21-ാം തീയതി റമദാൻ മാസത്തിലായിരുന്നു ഇത്. നോമ്പെടുത്ത് സമര ഭൂമിയിലേക്ക് ഇറങ്ങിയ ആ വീരപുത്രന്റെ മൃതദേഹം അദ്ദേഹത്തിന്റെ പ്രായമായ മാതാവടക്കമുള്ള കുടുംബം കത്തുന്ന വേദനയോടെ ഏറ്റുവാങ്ങി. അന്ന് അദ്ദേഹത്തിന് 38 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ.

*ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* ■